**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 565** **23-07-2021 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ വി ജോയി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികളെക്കുറിച്ച് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന യാനങ്ങളും മറ്റ് ഉപകരണങ്ങളും യന്ത്രങ്ങളും വാങ്ങുന്നതിന് നിലവിൽ സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന യാനങ്ങളും മറ്റ് ഉപകരണങ്ങളും യന്ത്രങ്ങളും വാങ്ങുന്നതിന് എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി, എൻ.ബി.സി.എഫ്.ഡി.സി/ എൻ.എം.ഡി.എഫ്.സി ടേം വായ്പ പദ്ധതി എന്നിവ വഴി പലിശ രഹിത വായ്പ നൽകി വരുന്നു. എൻ.സി.ഡി.സി പദ്ധതിയിൽ കേന്ദ്ര സബ്സിഡിയും നൽകുന്നു. കൂടാതെ മത്സ്യഫെഡ് വ്യാസാ സ്റ്റോറുകളിൽ നിന്നും വല, എഞ്ചിൻ എന്നിവ രൊക്കം തുകയ്ക്ക് വാങ്ങുന്നവരിൽ നിന്നും അപേക്ഷ സ്വീകരിച്ചുകൊണ്ട് ഗിയർ സബ്സിഡി, മോട്ടറൈസേഷൻ സബ്സിഡി എന്നിവ വിതരണം ചെയ്തു വരുന്നു.ബ്ലൂറവല്യൂഷൻ പദ്ധതിയിൽ 200 മറൈൻ പ്ലൈവുഡ് വള്ളങ്ങൾക്ക് പകരം ഫൈബർ ഗ്ലാസ്സ് വള്ളങ്ങൾ നൽകുന്നതിന് 4 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. അതോടൊപ്പം ഓഖി ദുരന്തബാധിതർക്കായി 120 FRP ബോട്ടുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികൾക്ക് GPS, VHF Radio, DAT എന്നിവ 75% സബ്സിഡിയോടെ നൽകുന്നതിനുള്ള Sea safety equipments to traditional fishing crafts പദ്ധതി. മത്സ്യത്തൊഴിലാളികൾക്ക് GPS, VHF Radio, DAT എന്നിവ 75% സബ്സിഡിയോടെ നൽകുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കാൻ ഉതകുമാറ് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതി ആദ്യഘട്ടത്തിൽ പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതി (PMMSY) പ്രകാരം 10 ബോട്ടുകൾക്ക് അനുമതി ലഭിച്ച് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു. |
| (ഡി) | ഇത് കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ